കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# ക്ലാപ്പന ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ്, കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എംപി 2-1823/16 കേരള സ്റ്റേറ്റ് ഓഡിറ്റ് സീനിയർ

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

കൊല്ലം ജില്ല

തീയതി, 04/02/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ക്ലാപ്പന ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ്

പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി.2 /1823/16 തീയതി:04/02/2017

## കൊല്ലംജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.1.2016 മുതൽ 13.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം.,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016മുതൽ<br>22.10.2016 വരെ | |
| ഓഡിറ്റ് നടത്തിയ | ശ്രീമതി.ബിജിവർഗ്ഗീസ് | ഓഡിറ്റ്ഓഫീസർ |

| | | |
|---|---|---|
| ഉദ്യോഗസ്ഥർ | | (ഹയർഗ്രേഡ്) |
| | ശ്രീമതി. സോണിയ ജെ.സെബാസ്റ്റ്യൻ | അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലാലു.ആർ | അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പ്രദീപ്കുമാർ.ബി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1)ശ്രീമതി മെഹർഷാദ്.എസ് | 1.4.2015മുതൽ 21.5.2015വരെ |
| | 2)ശ്രീ.ബി.ശ്രീകുമാർ | 22.5.2015മുതൽ 31.10.2015വരെ |
| | 3)ശ്രീ.എസ്.എം.ഇക്ബാൽ | 1.11.2015മുതൽ 31.3.2016വരെ |
| സെക്രട്ടറി | ശ്രീമതി. മേരിലത | 1.4.2015മുതൽ 31.3. 2016വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | പ്രകാശ് ക്രിസ്റ്റ്യൻ | 1.4.2015മുതൽ 31.3.2016 വരെ |
| വെറ്റിനറി സർജൻ | 1)ഡോ.തോമസ് മാത്യു<br>2)ഡോ.ജിൻസി | 1.4.2015മുതൽ 28.5.2015വരെ<br>29.5.2015 മുതൽ |

| | | |
|---|---|---|
| | ജോർജ്ജ് | 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 1)ഡോ.സുനിൽകുമാർ<br>2)ഡോ.ബുഷ്റ.ടി | 1.4.2015മുതൽ 24.5.2015വരെ<br><br>25.5.2015 മുതൽ 31.3.2016.വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ഷരീഫ് അഹമ്മദ് | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസരി.ഹോമിയോ) | ഡോ.നാൻസി കരീം | 1.4.2015മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1)ശ്രീമതിനബീസത്ത് ബീവി<br>2)ശ്രീമതി.രേണുകദേവി.പി<br>3)ശ്രീമതി.റീനാ തോംപ്സൺ | 1)1.4.2015മുതൽ 14.5.2015 വരെ<br>2)15.5.2015മുതൽ 31.12.2015വരെ<br>3)1.1.2016മുതൽ 31.3.2016വരെ |
| വി.ഇ.ഒ | ശ്രീ.പ്രേംകുമാർ | 1.4.2015മുതൽ 31.3.2016വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.മല്ലികാദേവി | 1.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.വൈ.നിസാർ | 1.4.2015മുതൽ |

| | | |
|---|---|---|
| | | 31.3.2016വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീ.ഷെരീഫ്.ടി.എം | 1.4.2015മുതൽ 31.3.2016വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | <u>ഭാഗം 1</u> | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | <u>ഭാഗം 2</u> | |
| 12 | ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക നിയമാനുസതമുള്ള ഫീസ് ഈടാക്കുന്നില്ല. | 2-1 |

| | | |
|---|---|---|
| 13 | റേഷൻ കടകളുടെ സ്ഥാപന/തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-2 |
| 14 | സ്ഥാപന/തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല. | 2-3 |
| | ഭാഗം 3 | |
| 15 | ബജറ്റ് യഥാർത്ഥ വരവ്-ചെലവുമായി അന്തരം | 3-1 |
| 16 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല് – 219165/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 17 | സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരം ഒടുക്കുന്നു. | 3-3 |
| 18 | പൂർത്തീകരണ/വിനിയോഗ രേഖകളില്ല – 100000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 19 | മരാമത്ത് പ്രവർത്തികൾ അപൂർണ്ണമായി നടപ്പിലാക്കുന്നു. | 3-5 |
| 20 | പഞ്ചായത്ത് ഓഫീസ് നവീകരണം – പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 3-6 |
| 21 | ഗ്രാമ കേന്ദ്രങ്ങളും, നവീകരിച്ച പഞ്ചായത്ത് ഓഫീസും പ്രവർത്തനക്ഷമമാകും മുൻപ് സാധനങ്ങൾ വാങ്ങി – 564920/- രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 22 | വൈദ്യുത ചാർജ്ജ് ഒടുക്കുന്നതിലെ അപാകതകൾ | 3-8 |
| 23 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം – അവലോകനം | 3-9 |
| 24 | മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. | 3-10 |
| 25 | മരുന്നുകൾ ലഭ്യമാക്കിയില്ല – 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 |

| | | |
|---|---|---|
| | ഭാഗം 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | സാക്ഷ്യപത്രം | 4-10 |


## ഭാഗം 1

<u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

2015-16 വർഷത്തെ ബജറ്റ് 24/03/2015 തീയതിയിലെ I-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 <u>വാർഷിക ധനകാര്യ പത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 13.06.16 | ഇല്ല | ഇല്ല |

## 1-3 <u>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 15.10.2016 | കെ.എസ്.എ.കെ.എൽ.എം. പി2-1823/16തീയതി /04.2.17 |

<u>ന്യൂനതകൾ</u>

1) മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2) ബഡ്ജറ്റ് പ്രൊവിഷൻ സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. എ.സി.ആർ പ്രകാരമുള്ള വരവും ചെലവുമല്ല വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

3)വൗച്ചറുകൾ ഫണ്ട് അടിസ്ഥാനതതിൽ ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല. വൗച്ചർ ലിസ്റ്റും സൂക്ഷിട്ടില്ല.

4)വികസനഫണ്ട്-ധനകാര്യ കമ്മീഷൻ വരവ് തെറ്റായിട്ടാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എ.സി.ആർ പ്രകാരമുള്ള യഥാർത്ഥ വരവ് 4513976 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 64,12,138/- രൂപയാണ് വരവായി

ഉൾപ്പെടുത്തിയിരിക്കുന്നത്.

5)ഇ.എം.എസ് ലോണിൽ 22,600/- രൂപ ലോൺ നില നിൽക്കുന്നത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21820477 |
| വരവ് | 31216618 |
| ആകെ | 53037095 |
| ചെലവ് | 46032058 |
| നീക്കിയിരിപ്പ് | 7005037 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3136978 | 7777848 | 10914826 | 10914826 | 0 | 57.36 |
| വികസന ഫണ്ട് എസ്.സി.പി. | 1677802 | 581691 | 2259493 | 2259493 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 656254 | 38322130 | 4488384 | 4488384 | 0 | 100 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 937299 | 2353237 | 3290536 | 3290536 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1769546 | 3328074 | 5097620 | 5097620 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3077593 | 2954278 | 6031871 | 6031871 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 77593 | 9000200 | 9077793 | 9076266 | 1527 | 99.67 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 12128080 | 12128080 | 12128080 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 102 | 43408609 | 96 | 33263555 | 3 | 3 | 95.09 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 21.6 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3778191 | 4149748 | 371557 | 9.8(+) |
| നികുതിയേതര വരവുകൾ | 492875 | 309286 | 183589 | 37.2(-) |
| മറ്റുവരവുകൾ | 5021000 | 6840818 | 1819818 | 36.2(+) |
| ആകെ | 9292066 | 11299852 | 2007786 | 21.6(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 389880 | 200 |
| കർഷക തൊഴിലാളി പെൻഷൻ | 1660800 | 370 |
| വിധവാ പെൻഷൻ | 5675200 | 800 |
| വാർദ്ധക്യ കാലപെൻഷൻ | 1802400 | 500 |
| വികലാംഗ പെൻഷൻ | 2076600 | 316 |
| വിവാഹ ധനസഹായം | 60000 | 2 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 455200 | 75 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2011/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. വരവിനങ്ങളുടെ പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതാണ്. ഗ്രാമ കേന്ദ്രങ്ങളും പഞ്ചായത്ത് ഹാളും പ്രവർത്തനക്ഷമമാക്കി വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.10.2016 | 1/ 2016 | 31.03.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.2.2013-15.3.2013 | 2007-08 - 2011-12 | 20.04.13 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**2-1** <u>ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള ഫീസ് ഈടാക്കുന്നില്ല.</u>

2015-16 സാമ്പത്തിക വർഷത്തിൽ ആകെ 62 കെട്ടിടങ്ങൾക്കാണ് ക്രമവൽക്കരണം നടത്തിയിട്ടുള്ളത്. ഇതിൽ 18 എണ്ണം പെർമിറ്റ് എടുത്ത ശേഷം അധികം നിർമ്മാണം നടത്തിയിട്ടുള്ളവയാണ്. ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് സാധാരണ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക രാജിയാക്കൽ ഫീസും (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം137(4) ) അതോടൊപ്പം പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ് (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം135(3)). എന്നാൽ ക്ലാപ്പന ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് എടുക്കാതെ നിർവ്വഹണം നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. ഇത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധവും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവുണ്ടാക്കുന്നതുമാണ്. ആയതിനാൽ തുടർന്ന് ക്രമവൽക്കരണം നടത്തുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമുള്ള ഫീസ് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2-2** <u>റേഷൻ കടകളുടെ സ്ഥാപന, തൊഴിൽ നികുതികൾ ഈടാക്കുന്നില്ല</u>

ക്ലാപ്പന ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന, തൊഴിൽ നികുതികൾ നാളിതുവരെ ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന് പഞ്ചായത്തിൽ കൃത്യമായ കണക്കുകളില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 06/17.10.2016) ലഭ്യമാക്കിയ മറുപടിയിൽ പ്രദേശത്തെ റേഷൻ കടകളുടെ ലിസ്റ്റ് കൺസോളിഡേറ്റ് ചെയ്തു വരികയാണെന്നും സ്ഥാപന നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും അറിയിച്ചിട്ടുണ്ട്. ആയത് തൃപ്തികരമല്ല. ആയതിനാൽ അടിയന്തിരമായി റേഷൻ കടകളുടെ എണ്ണം തിട്ടപ്പെടുത്തി കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 13 പ്രകാരം സെക്രട്ടറി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ച് നികുതി ഈടാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2-3** <u>സ്ഥാപന തൊഴിൽ നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല</u>

2014-15 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ 38730/- രൂപയും വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിൽ 112890/- രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ 2015-16 ൽ ലൈസൻസ് ഫീസായി 39500/- രൂപയും വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിൽ 97620/- രൂപയുമാണ് ലഭിച്ചിട്ടുള്ളത്. വ്യാപാരികളുടെ തൊഴിൽ നികുതിയിനത്തിൽ ആനുപാതിക വർദ്ധനവിനു വിരുദ്ധമായി 15270/- രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്. ലൈസൻസ് രജിസ്റ്ററിൽ തൊഴിൽ

നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നില്ല എന്നും സൂചിപ്പിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/17.10.16 ) ലഭ്യമാക്കിയ മറുപടിയിൽ 2015-16 ൽ പ്രവർത്തിച്ചിരുന്ന നാലു സ്ഥാപനങ്ങളുടെ സ്ഥാപന നികുതി 10000/- രൂപ 6/2016 ൽ അടവാക്കിയിട്ടുണ്ടെന്നും മറ്റ് സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ്, സ്ഥാപന നികുതി തുടങ്ങിയവ അടവാക്കാതെ പഞ്ചായത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചതായും കാണുന്നില്ല.

വ്യാപാരികളുടെ തൊഴിൽ നികുതി/സ്ഥാപന നികുതി ഇനത്തിലുള്ള തുക യഥാസമയം ഡിമാന്റ് ചെയ്യുകയും പിരിച്ചെടുക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കുടിശ്ശിക വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. തുക അടയ്ക്കാത്ത സ്ഥാപനങ്ങൾക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 24 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ്-യഥാർത്ഥ വരവു ചെലവുമായി അന്തരം

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2015 ലെ I-ാം നം തീരുമാനപ്രകാരം അംഗീകരിച്ചു. 76035000/- രൂപ വരവും 77450200/- രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ് യഥാർത്ഥ വരവു ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല.തനതു വരുമാന ശോഷണം വർഷം തോറും വർദ്ധിച്ചു വരുന്നതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. വർദ്ധിച്ചു വരുന്ന തനതു വരുമാന ശോഷണം ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക നിലയെ സാരമായി ബാധിക്കുന്നുണ്ട്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീ, പെർമിറ്റ് ഫീസ് എന്നീ മേഖലകളിൽ മാത്രമായി തനതുവരുമാനം ചുരുങ്ങി നിൽക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കാലോചിതമായ മാർഗ്ഗങ്ങൾ സ്വീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ ഭരണചെലവുകൾക്ക് സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുന്നത് ഭൂഷണമല്ല. പുതിയ നികുതി – നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ ആവശ്യമായ പഠനം നടത്തി പൊതുജനങ്ങൾക്ക് ഭാരമാകാത്ത രീതിയിൽ നികുതികൾ ആവിഷ്കരിച്ച് ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-219165/-രൂപ തടസ്സപ്പെടുത്തുന്നു.

2015-16 വർഷം അസിസ്ററന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന

പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗസർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം | അടങ്കൽ തുക | ചെലവ് തുക/ ബിൽ നം | ഡി ഡി നം/തീയതി | തുക കൈപറ്റിയ വ്യക്തി/ സ്ഥാപനം |
|---|---|---|---|---|---|
| 1. | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ S0113/16 | 75000(ധനകാര്യ കമ്മീഷൻഗ്രാൻറ്) | 75000 ബിൽ നം813/15-16/ 29.3.16 | 707303/ 16.9.15 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി |
| 2. | വൈദ്യുത ലൈൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കൽ So111/16/15-16 | 146602 (വികസന ഫണ്ട്-ജനറൽ) | 144165 (1116/15.9.15) | 454204/ 19.3.16 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ്,ഓച്ചിറ |
| | ആകെ | | 219165/- രൂപ | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 219165/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 <u>സംയുക്ത പരിശോധനയില്ലാതെ വെള്ളക്കരം ഒടുക്കുന്നു.</u>

2015-16 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ പ്രതിമാസം 130375/- രൂപയും

കൂടാതെ SO-15/16 പ്രോജക്റ്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും 500000/-രൂപയും(ബിൽനം 48/15-16;28.12.15) അടവാക്കിയിട്ടുണ്ട്. 2015 ഏപ്രിൽ, 2016 മാർച്ച് മാസങ്ങളിൽ ലഭ്യമായ ഡിമാന്റ് നോട്ടീസുകളുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| ബിൽ നം ./തീയതി | മുന്നിരിപ്പ് | ഫൈൻ | തൻമാസ ഡിമാന്റ് | ക്ലോസിംഗ് ബാലൻസ് |
|---|---|---|---|---|
| 1463/8.5.15 | 2900725 | 56898 | 130375 | 3087998 |
| 7128/8.3.16 | 3081750 | 60453 | 130375 | 3272578 |

എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. പൊതു ടാപ്പുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗ ശൂന്യമായത്, ഉപയോഗയോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/18.10.16) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(ആർ.ടി) 2242/2011/ത.സ്വ.ഭ.വ തീ-28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

## 3-4 <u>പൂർത്തീകരണ/വിനിയോഗ രേഖകളില്ല - 1000000/-രൂപ തടസ്സപ്പെടുത്തുന്നു.</u>

2015-16 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച തുകയുടെ പൂർത്തീകരണ/ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം | അടങ്കൽ തുക | ചെലവ് തുക/ ബിൽ നം | ഡി ഡി നം/തീയതി | തുക കൈപറ്റിയ വ്യക്തി/സ്ഥാപനം |
|---|---|---|---|---|---|
| 1. | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ SO14/16 | 1000000 (വികസന ഫണ്ട്- ജനറൽ) | 1000000 ബിൽ നം.42/15-16/ 28.12.15 | 711354/ 29.12.15 | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ്,ഓച്ചിറ. |

| | | | | | |
|---|---|---|---|---|---|
| | | | | | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1000000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവർത്തികൾ അപൂർണ്ണമായി നടപ്പിലാക്കുന്നു

തൻ വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിന്റെ ആദ്യഘട്ടമായ ആദ്യ മെറ്റലിംഗ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു റോഡിന്റെ പ്രയോജനം പൂർണ്ണമായും ലഭ്യമാകണമെങ്കിൽ, ടാറിംഗ് നടത്തി പണി പൂർത്തീകരിക്കണം. ആദ്യ മെറ്റലിംഗ് നടത്തിയ റോഡുകളിൽ പിന്നീട് രണ്ടാം മെറ്റലിംഗും ടാറിംഗും നടത്തുമ്പോൾ പല ഭാഗങ്ങളിലും വീണ്ടും ആദ്യ മെറ്റലിംഗ് നടത്തേണ്ടതായി വരുന്നു. ഇപ്രകാരമുള്ള അധികച്ചെലവ് ഒഴിവാക്കാനും റോഡ് നിർമ്മാണം കൊണ്ടുള്ള പൂർണ്ണ പ്രയോജനം ലഭിക്കുന്നതിനും ഒരു പ്രവൃത്തി ഏറ്റെടുക്കുമ്പോൾ അത് പൂർണ്ണമായും പൂർത്തീകരിക്കുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## 3-6 പഞ്ചായത്ത് ഓഫീസ് നവീകരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം-102/16

അടങ്കൽ-1000000/- രൂപ ( ലോകബാങ്ക് സഹായം )

എഗ്രിമെന്റ് നം-38/AE/LSGD ;Dt.14.9.15

ചെലവഴിച്ച തുക-959290/- രൂപ

പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി സാമ്പത്തിക വർഷം 10 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. പക്ഷെ ടി പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

ആദ്യ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ മുൻഭാഗത്തെ ട്രസ്സ് വർക്കിൽ ചോർച്ചയുള്ളതിനാൽ ടി ഷീറ്റ് മാറ്റി ടഫോർഡ് ഷീറ്റ് ഇടുന്നതിനും മുൻഭാഗത്തെ വരാന്തയുടെ നീളം വർദ്ധിപ്പിച്ച് ടൈൽ പാകുന്നതിനും കെട്ടിടത്തിന്റെ ഒന്നാം നിലയിലും താഴെയും മൂന്ന് ടോയിലെറ്റുകൾ നിർമ്മിക്കുന്നതിനുമായിരുന്നു പദ്ധതി തയ്യാറാക്കിയത്. എന്നാൽ കമ്മിറ്റി തീരുമാന പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ട്രസ്സ് വർക്ക് നില നിർത്തിക്കൊണ്ട് ഒന്നാം നിലയുടെ തുടർച്ചയായി ടി ഭാഗം കോൺക്രീറ്റ് ചെയ്യുകയും തറ കോൺക്രീറ്റ് ചെയ്യുകയും ചെയ്തു. എന്നാൽ ടൈൽ പാകുകയോ, മുകൾ ഭാഗത്തെ പണി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ടി

പ്രവൃത്തിയുടെ പ്രയോജനം ലഭ്യമായിട്ടില്ല. മൂന്ന് ടോയിലെറ്റുകളുടെ പണി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പണി പൂർത്തീകരിക്കാൻ സാധിക്കാത്തത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചിട്ടുള്ളത്. പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് ലഭ്യത ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓഫീസ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള നടപടികൾ 2016-17 വർഷവും നടപ്പിലാക്കിയിട്ടില്ല. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## **3-7** ഗ്രാമകേന്ദ്രങ്ങളും, നവീകരിച്ച പഞ്ചായത്ത് ഓഫീസും പ്രവർത്തനക്ഷമമാകും മുൻപ് സാധനങ്ങൾ വാങ്ങി **- 564920/-** തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് / പ്രോജക്ട് നം | അടങ്കൽ തുക | ചെലവ് ബിൽ നം | വാങ്ങിയ സാധന ങ്ങൾ |
|---|---|---|---|---|
| 1) | ഗ്രാമകേന്ദ്രങ്ങൾ. 16/16 | 750000(വികസന ഫണ്ട്-ജനറൽ) | 1)180404-2023/15-16; 25.3.16 2)264796-2050/15-16; 31.3.16 3)24750-725/15-16; 13.1.16ആകെ-469950 | സ്ററീൽഅലമാര- 15 എണ്ണം(18 ഗേജ്) സ്ററീൽമേശ-30 എണ്ണം(18 ഗേജ്) എസ് ടൈപ്പ്കസേര – 30 എണ്ണം(18 ഗേജ് പൈപ്പ് പ്ളാസ്റ്റിക് കസേര150-എണ്ണം (നീൽകമൽ) നെയിംബോർഡ്-15എണ്ണം |
| 2 | ഫ്രണ്ട് ഓഫീസ് അനുബന്ധ സൗകര്യം മെച്ച പ്പെടുത്തൽ-47/16 | 150000/-(വികസനഫണ്ട്-ജനറൽ) | 1) 62670-970/15-16;28.3.16 2)32800-815/15-16;15.12.16 ആകെ-95470/- | ക്രോംപ്ററൺ ഫാൻ-എയർ-10 എണ്ണം എയർ പോർട്ട് ചെയർ-2എണ്ണം |

| | | | | |
|---|---|---|---|---|
| | | | | (5 സീറ്റർ) സോണിഎൽ.ഇ.ഡി ടി.വി-1എണ്ണം |
| | | ആകെ | 565420 | |

2015-16 സാമ്പത്തിക വർഷം ലോകബാങ്ക് സഹായമായ പത്തു ലക്ഷം രൂപ വകയിരുത്തി ആരംഭിച്ച ഫ്രണ്ട് ഓഫീസ് സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ ഫണ്ടിന്റെ അപര്യാപ്തത മൂലം നിലച്ചിരിക്കുകയാണ്. 2016-17 ലും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല.

അംഗനവാടികളോട് ചേർന്ന് ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചെങ്കിലും സ്ഥലസൗകര്യങ്ങളുടെ അഭാവം മൂലം പദ്ധതി നടപ്പിലായില്ല. പതിനൊന്നാം വാർഡിലെ ടി.വി കിയോസ്ക്ക് കെട്ടിടത്തിൽ ഗ്രാമകേന്ദ്രം ആരംഭിക്കുവാനും അംഗനവാടികളിൽ സൗകര്യങ്ങളില്ലെങ്കിൽ 25 എം സ്ക്വയറിൽ അധികരിക്കാത്ത കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാനും 22.7.15 ലെ VII(i) നം തീരുമാന പ്രകാരം വാർഡുമെമ്പർമാരെ ചുമതലപ്പെടുത്തിയങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള അടിസ്ഥാന നടപടികൾ പൂർത്തിയാക്കുന്നതിനു മുൻപേ തന്നെ സാധനങ്ങൾ വാങ്ങിക്കൂട്ടിയത് ശരിയായ നടപടിയല്ല. 2015-16ൽ വാങ്ങിയ ഉപകരണങ്ങൾ ഓഡിറ്റ് സമയത്തും പഞ്ചായത്തിന്റെ കോൺഫറൻസ് ഹാളിൽ സൂക്ഷിച്ചിരിക്കുകയാണ്. ഉപകരണങ്ങൾ വാങ്ങാൻ ചെലവഴിച്ച 565420/- രൂപ തടസ്സപ്പെടുത്തുന്നു. സാധനസാമഗ്രികളുടെ ഫലപ്രദമായ വിതരണം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 3-8 വൈദ്യുതചാർജ്ജ് ഒടുക്കുന്നതിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കിയതിൽ 60 watts 278 എണ്ണം ബൾബുകളുടേതായി പ്രതിമാസം 26132/- രൂപയും ഉൾപ്പെടുന്നുണ്ടെന്ന് കെ.എസ്.ഇ.ബി, അസിസ്റ്റൻറ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ നടപ്പാക്കിയ തെരുവ് വിളക്ക് മെയിൻറനൻസ് പദ്ധതികളിൽ ഓർഡിനറി ബൾബ് വാങ്ങലോ, മെയിന്റനൻസോ ഉൾപ്പെട്ടിട്ടില്ല. മറിച്ച് സി.എഫ്.എൽ ലാംപുകളാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 40 വാട്ടിന്റെ 324 സിംഗിൾ ട്യൂബ് സെറ്റുകൾ ഉണ്ടെന്നും കെ.എസ്.ഇ.ബി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2015-16 ൽ തെരുവ് വിളക്ക് മെയിൻറനൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. സ്റ്റോക്ക്

രജിസ്ററർ പരിശോധിച്ചതിൽ 10.6.15, 17.6.15 തീയതികളിൽ കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 540 സിംഗിൾ ട്യൂബ് സെറ്റുകൾ വാങ്ങിയതായി കാണുന്നു. ഇവ 36 എണ്ണം വീതം 15 വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്ററിൽ രേഖപ്പെടുത്തിക്കാണുന്നു. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) 983388/-രൂപ ആകെ ഒടുക്ക് വരുത്തിയിട്ടുണ്ട്. 2016 ഒക്ടോബർ മുതൽ 90556/- രൂപയാണ് പ്രതിമാസം അടവാക്കുന്നത്. എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നോ, എത്ര യൂണിറ്റ് ഉപയോഗിക്കുന്നുവെന്നോ യാതൊരു ആധികാരിക രേഖയും ഇല്ലാതെയാണ് ഇത്രയും തുക എല്ലാ മാസവും ഒടുക്കുന്നത്. മീറ്റർ സ്ഥാപിക്കുന്നതിൻെറ നടപടികൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാതെവരുന്നു. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം-അവലോകനം

വികേന്ദ്രീകൃതാസൂത്രണം അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നിർവഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമമായ പ്രവർത്തനം അനിവാര്യമാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പദ്ധതിപ്പണം വിനിയോഗിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർ വേണ്ടത്ര കാര്യക്ഷമത പ്രകടിപ്പിച്ചിട്ടില്ല. കാർഷിക മേഖലയിൽ ആകെ അഞ്ച് പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും നാലെണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ആകെ 328560/-രൂപ വകയിരുത്തിയിരുന്നെങ്കിലും 131735/-രൂപ മാത്രമാണ് ചെലവഴിച്ചത്. കാർഷിക മേഖലയിലെ പദ്ധതി പ്രവർത്തനം അൻപതു ശതമാനത്തിൽ താഴെ നിജപ്പെടുത്തിയത് ഈ മേഖലയുടെ തളർച്ചയ്ക്ക് വഴിയൊരുക്കും. കാർഷിക മേഖലയിൽ കാലോചിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കൃഷി ഓഫീസർ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ല. ജൈവപച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കാനും, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താനുമുള്ള നടപടികൾ ഒന്നും തന്നെ കൈക്കൊണ്ടിട്ടില്ല. കൃഷിക്കനുയോജ്യമായ ഭൂപ്രകൃതിയാൽ സമ്പന്നമാണെങ്കിലും വിളവൈവിധ്യം ലഭ്യമാക്കുന്ന കൃഷി രീതികൾ, നവീനമായ കാർഷിക രീതികൾ എന്നിവയൊന്നും ഇവിടെ പ്രായോഗികമാക്കാൻ മുതിർന്നിട്ടില്ല.

മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ ആകെ വകയിരുത്തിയ (300000/-രൂപ) തുകയുടെ 98% (280000/-രൂപ) ചെലവഴിച്ചിട്ടുണ്ടെങ്കിലും രണ്ട് പദ്ധതികൾ മാത്രമാണ് ഈ മേഖലയിൽ നടപ്പിലാക്കിയത്.

ഗ്രാമവികസന ഓഫീസറുടെ നിർവഹണത്തിൽ 2720000/- രൂപ അടങ്കൽ വച്ച് 1366500/- രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെറുകിട വ്യവസായമേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ചില്ല.

സംയോജിത ശിശു വികസന ഓഫീസർ സാമൂഹ്യക്ഷേമം, സ്ത്രീകളുടേയും കുട്ടികളുടേയും വികസനം എന്നീ മേഖലകളിലായി 3025733/- രൂപ അടങ്കലിൽ 7 പദ്ധതികൾ നടപ്പിലാക്കുകയും 2184985/-രൂപ ചെലവഴിക്കുകയും ചെയ്തു. ദാരിദ്ര്യ ലഘൂകരണമേഖലയിൽ അസിസ്റ്റന്റ് സെക്രട്ടറി 11 പദ്ധതികൾ ആവിഷ്കരിക്കുകയും 10 എണ്ണം നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതികൾക്കായി 3158602/- രൂപ വകയിരുത്തിയതിൽ 922922/- രൂപ (29% )മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മിസ്ട്രസ്സ് നിർവഹണ ഉദ്യോഗസ്ഥയായി 2 പദ്ധതികൾ ആവിഷ്കരിക്കുകയും ആകെ അടങ്കൽ തുകയായ 700000/- രൂപയിൽ 627681/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യമേഖലയിൽ ആകെയുള്ള 6 പ്രോജക്ടുകളിൽ 5 എണ്ണമാണ് നടപ്പിലാക്കിയത്. 1870000/- രൂപ വകയിരുത്തിയതിൽ 1450000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വകയിരുത്തുന്ന തുകകൾ പദ്ധതി കാലയളവിനുള്ളിൽ ത്തന്നെ കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16 പ്രോജക്ടുകൾ ആവിഷ്കരിക്കയും 14 എണ്ണം നടപ്പിലാക്കുകയും ചെയ്തു. 8584726/- രൂപ അടങ്കൽ നിശ്ചയിച്ചതിൽ 6218250/- രൂപയാണ്( 72% ) ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 49 മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ചെങ്കിലും 47 എണ്ണമാണ് തൻവർഷം പൂർത്തീകരിച്ചത്. കുടിവെള്ളം, ശുചിത്വം, ഊർജ്ജ മേഖലകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

## 3-10 മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മുൻകൂർ രജിസ്ററർ പ്രകാരം 2013-14ൽ ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ 1600/- രൂപ നാളിതു വരെ ക്രമീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും തുക തിരികെ ഈടാക്കി മുൻകൂർ രജിസ്ററർ ക്രമപ്പെടുത്തേണ്ടതാണ്.

## 3-11 മരുന്നുകൾ ലഭ്യമാക്കിയില്ല 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ- 25/2016

ബിൽ നമ്പർ - 03/2015-16 തീയതി - 18.03.2016

ആകെ തുക- 200000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

പി.എച്ച്.സി. മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം തുക ലവഴിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. കാരുണ്യാ ഫാർമസിക്ക് 200000/- രൂപ ഡി.ഡി. നമ്പർ -454215 പ്രകാരം 19.03.2016 ന് നൽകിയിരിക്കുന്നു എന്നാൽ ചെലവഴിച്ച തുകയ്ക്ക് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുകയോ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തെ പ്രോജക്ട് പ്രകാരം ലഭ്യമാക്കേണ്ട അവശ്യ മരുന്നുകൾ അടുത്ത സാമ്പത്തിക വർഷം അവസാനിക്കാറായിട്ടും ലഭ്യമാക്കാത്തത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.01/15.10.2016) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ 200000/- രൂപയുടെ വിനിയോഗം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 25.5.2015 | 22200 | ശാരീരീക മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 22200 | -------- |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തി | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴി |
|---|---|---|---|---|---|

| ഏജൻസി | യുടെ പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ക്കാൻ ബാക്കി യുള്ളതുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ ദീർഘിപ്പി ക്കൽ | 21500540 | 1000000 | 1000000 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭ ത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കി യുണ്ടായി രുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ (രൂപ) | പലിശ (രൂപ) | |
| ഇ.എം.എസ് ഭവന പദ്ധതി ലോൺ തിരിച്ചടവ് | 522/2010 തീയതി 17/02/2010 ത.സ്വ.ഭ.വ | 9100000 | 1032400 | 1032400 | | ഇല്ല |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 38620/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പേരും<br>ഉദ്യോഗ<br>പ്പേരും | തിയ്യതി |
| 2011-12 | 3-4,3-5 | 38620 | ബൽക്കീസ്.എം, അസിസ്റ്റൻറ് എഞ്ചിനീയർ | 11501101221/ 24.11.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-1999 | 37 | 2004-05 | 3-1 | തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല. | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണ നയിൽ |
| 2007-2008 | സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയപദ്ധതി - ഗുണഭോക്താക്കളെതെരഞ്ഞെടുക്കുന്നതിന് മുൻപ് തുക ചെലവഴിച്ചു | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 31216618 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46032058 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1984585 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 219165 | ശ്രീ.വൈ.നിസാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 1000000 | ശ്രീമതി.മേരിലത. സെക്രട്ടറി |
| 3-7 | 565420 | ശ്രീമതി.മേരിലത. സെക്രട്ടറി |
| 3-11 | 200000 | ശ്രീമതി.ടി.ബുഷ്‌റ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| ആകെ | 1984585 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ-ഇല്ല</u>

ഇല്ല.

## 4-9 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1989-90<br>1990-91 | എൽ.എഫ്.ക്യൂ.പി2/1182(13)/14 dt.12-06-2014 |
| 1991-92 | എൽ.എഫ്.ക്യൂ.പി2/1182(14)/14 dt.12-06-2014 |
| 1992-93<br>1993-94 | എൽ.എഫ്.ക്യൂ.പി2/1182(15)/14 dt.12-06-2014 |
| 1994-95 | എൽ.എഫ്.ക്യൂ.പി2/1182(16)/14 dt.12-06-2014 |
| 1996-97 | എൽ.എഫ്.ക്യൂ.പി2/1182(17)/14 dt.12-06-2014 |
| 1997-98 | എൽ.എഫ്.ക്യൂ.പി2/1182(18)/14 dt.12-06-2014 |
| 1998-99 | എൽ.എഫ്.ക്യൂ.പി2/1182(19)/14 dt.12-06-2014 |

| | |
|---|---|
| 1999-00 | എൽ.എഫ്.ക്യൂ.പി2/1182(1)/14 dt.12-06-2014 |
| 2000-01 | എൽ.എഫ്.ക്യൂ.പി2/1182(2)14 dt.12-06-2014 |
| 2001-02 | എൽ.എഫ്.ക്യൂ.പി2/1182(3)14 dt.12-06-2014 |
| 2002-03 | എൽ.എഫ്.ക്യൂ.പി2/1182(4)14 dt.12-06-2014 |
| 2003-04 | എൽ.എഫ്.ക്യൂ.പി2/1182(5)14 dt.12-06-2014 |
| 2004-05 | എൽ.എഫ്.ക്യൂ.പി2/1182(6)14 dt.12-06-2014 |
| 2005-06 | എൽ.എഫ്.ക്യൂ.പി2/1182(7)14 dt.12-06-2014 |
| 2006-07 | എൽ.എഫ്.ക്യൂ.പി2/1182(8)14 dt.12-06-2014 |
| 2007-08 | എൽ.എഫ്.ക്യൂ.പി2/1182(9)14 dt.12-06-2014 |
| 2008-09 | എൽ.എഫ്.ക്യൂ.പി2/1182(10)14 dt.12-06-2014 |
| 2009-10 | എൽ.എഫ്.ക്യൂ.പി2/1182(11)14 dt.12-06-2014 |
| 2010-11 | എൽ.എഫ്.ക്യൂ.പി2/1182(12)14 dt.12-06-2014 |
| 2011-12 | എൽ.എഫ്.ക്യൂ.പി2/630/14 dt.27-03-2014 |
| 2012-13 | എൽ.എഫ്.ക്യൂ.പി2/1163/14 dt.17-11-2014 |
| 2013-14& 2014-15 | എൽ.എഫ്.ക്യൂ.പി2/231/16 dt.15-2-16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# 4-10

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ. കെ.എൽ.എം.പി2 –1823 / 16 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 04/02/2017.

### സാക്ഷ്യപത്രം 2015-2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ക്ലാപ്പന ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന്

ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.